# അന്തർദേശീയ കാർഷിക ശില്പശാലയ്ക്ക് തൃശൂർ ഒരുങ്ങി

## 27ന് ഗവർണർ ഉദ്ഘാടനം ചെയ്യും

Janayugom 25.12.17

തൃശൂർ: കാർഷിക മേഖലയിൽ നിന്ന് നല്ല വരുമാനം ഉറപ്പുവരുത്തുന്നതിനും വിപണനമേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിനും സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന 'വൈഗ' അന്തർദേശീയ ശിൽപശാലയും പ്രദർശനവും കാർഷിക സർവകലാശാലയിൽ 27ന് രാവിലെ 10.30ന് ഗവർണർ പി സദാശിവം ഉദ്ഘാടനം ചെയ്യും. വൈഗയുടെ രണ്ടാം പതിപ്പാണ് ഡിസം.27 മുതൽ 31 വരെ വെള്ളാനിക്കരയിൽ സംഘടിപ്പിക്കുന്നത്.

ഉദ്ഘാടന ചടങ്ങിൽ കൃഷി വകുപ്പുമന്ത്രി അഡ്വ. വി എസ് സുനിൽകുമാർ അധ്യക്ഷത വഹിക്കും. വിദ്യാഭ്യാസമന്ത്രി പ്രഫ. സി രവീന്ദ്രനാഥ്, മേയർ അജിതാ ജയരാജൻ, അഡ്വ. കെ രാജൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് തുടങ്ങിയവർ പങ്കെടുക്കും. വിവിധ സെഷനുകളിൽ നിയമസഭാ സ്പീക്കർ പി ശ്രീരാമകൃഷ്ണൻ, മന്ത്രിമാരായ കെ ടി ജലീൽ, ടി പി രാമകൃഷ്ണൻ എന്നിവരും പങ്കെടുക്കും. തായ്ലന്റ്,ശ്രീലങ്ക, ഫിലിപ്പൈൻസ്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളായ ഹേമന്ത് ദൊലാക്കിയ, പോങ്പിസൂട്ട്,സാൻഡില്ല ട്രിസ്റ്റ്യാനി, ഗോർഡൻ ഡിസിൽവ എന്നിവരും പങ്കെടുക്കും.

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനെക്കുറിച്ചുള്ള അറിവും പ്രോത്സാഹനവും ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുകയാണ് അന്തർദേശീയ പ്രദർശനവും ശില്പശാലയും കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് മന്ത്രി വി എസ് സുനിൽകുമാർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഉല്പന്നനിർമ്മാണം, യന്ത്രസാമഗ്രികൾ, സാമ്പത്തിക സഹായം, വിപണന മാർഗ്ഗങ്ങൾ, പാക്കേജിംഗ്, ലൈസൻസിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങി ഉല്പന്ന-നിർമ്മാണ -വിപണന ശൃംഖലയിലെ എല്ലാ ഘട്ടങ്ങളെക്കുറിച്ചുമുള്ള ശരിയായ അവബോധം സംരംഭകർക്കും കർഷകർക്കും ലഭ്യമാക്കാനും ലക്ഷ്യമിടുന്നു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി മാനേജ്മെന്റ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, മൈസൂർ സെൻട്രൽ ഫുഡ് ടെക്നോളജി റിസർച്ച് ഇൻസ്റ്റ്റ്റ്യൂട്ട്, മുബൈ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കേന്ദ്ര കിഴങ്ങു ഗവേഷണകേന്ദ്രം, കേരള കാർഷിക സർവകലാശാല, തമിഴ്നാട് കാർഷിക സർവകലാശാല എന്നിവരുടെ സാങ്കേതികവിദ്യാ പ്രദർശനവും ഉണ്ടാകും.

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, ജൈവവൈവിധ്യ ബോർഡ്, നാളികേര വികസന ബോർഡ്, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, വി. എഫ്.പി.സി.കെ, കിൻഫ്രാ, കേരഫെഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിങ്ങ് കോർപ്പറേഷൻ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, കേന്ദ്ര-സംസ്ഥാന കാർഷിക ഗവേഷണ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, കർഷക സംഘടനകൾ, കർഷക സഹകരണ സംഘങ്ങൾ എന്നിങ്ങനെ നിരവധി സ്ഥാപനങ്ങളും സംഘടനകളും വൈഗയിൽ പങ്കെടുക്കും.

സ്വകാര്യ കാർഷികസംരംഭകരായ സുഭിക്ഷ, മഹാരാജ-എക്കോ പ്രൊഡക്ക്ട്സ്, പാലക്കാട് ആഗ്രിക്സ് അഗ്രോ പ്രൊഡക്ക്ട്, തമിഴ്നാട് ബനാന ഗ്രോവേഴ്സ് ഫെഡറേഷൻ, ടിയറാഫുഡ്സ്, എരുമപ്പെട്ടി ചെങ്ങാലിക്കോടൻ ബനാനാ ഗ്രോവേഴ്സ് അസോസിയേഷൻ കോഴിക്കോട് അഗ്രോഫുഡ്സ് ആന്റ് എക്സ്പോർട്ട്സ്, മലബാർഹണി ഫുഡ് എന്നിവരും ശില്പശാലയ്ക്കെത്തും.

കാർഷികോത്പന്ന സംസ്ക്കരണ-മൂല്യവർദ്ധന മേഖലയിൽ കർഷകർക്കും യുവസംരംഭകർക്കും അവസരങ്ങൾ ഒരുക്കുക, ഇൻകുബേഷൻ സെന്ററുകളുടെ സഹായം എല്ലാവർക്കും ലഭ്യമാക്കുക, എല്ലാ ജില്ലകളിലുമായി തുടങ്ങുവാനുദ്ദേശിക്കുന്ന അഗ്രോ പാർക്കുകളിൽ സംരംഭകരെ പങ്കാളികളാക്കുക, സംസ്ഥാനത്തെ ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി ഒരുക്കുക എന്നിവയാണ് വൈഗ ശില്പശാലയുടെ ലക്ഷ്യം. യുവകർഷകർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉറപ്പാക്കുവാൻ 30 ന് യുവകർഷ സംരംഭക സംഗമം സംഘടിപ്പിക്കും. സ്കൂൾ വിദ്യാർത്ഥികളെ കൃഷിയോടും പഴം-പച്ചക്കറികളോടും താല്പര്യമുള്ളവരാക്കാൻ വിവിധ കലാമത്സരങ്ങൾ സംഘടിപ്പിക്കും. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കൂടാതെ, മൂല്യ വർദ്ധിത സാങ്കേതികവിദ്യ, കൃഷി ഉപകരണങ്ങൾ, ഉത്പന്നനിർമ്മാണ സാമഗ്രികൾ, നേഴ്സറികൾ തുടങ്ങിയവയുടെ പ്രദർശനവുമുണ്ട്. നാടൻ ഭക്ഷണശാലകൾ ഉൾപ്പെടെ 300 സ്റ്റാളുകളാണുള്ളത്. വൈകീട്ട് കലാസന്ധ്യയും ഒരുക്കിയിട്ടുണ്ട്.

പത്രസമ്മേളനത്തിൽ കെ രാജൻ എംഎൽഎ കെ എ യു ഗവേഷണ വിഭാഗം ഡയറക്ടർ ഡോ. പി ഇന്ദിരാദേവി തുടങ്ങിയവർ സന്നിഹിതരായി.